# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>തേക്കു പ്ലാന്റേഷനുകൾ</u>

3416

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേക്കുകൂപ്പ് വെട്ടും പ്ലാന്റേഷനിലെ ഇടവെട്ടും നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കൂലിയും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും പൊതുവിപണിയിൽ തേക്കും തടി എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പഴക്കം ചെന്ന തേക്കു മരങ്ങളുടെ വിപണനം</u>

3417 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേക്ക് പ്ലാന്റേഷനുകളിൽ എത്ര കോടി രൂപയുടെ തേക്കുമരങ്ങളാണ് വെട്ടുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പഴക്കം ചെന്ന തേക്കുമരങ്ങൾ വിപണനം നടത്തി തുക ഖജനാവിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വനം വകുപ്പിൽ ഫോറസ്റ്റ് കൺസർവേറ്റർമാർ ആവശ്യത്തിനുണ്ടെങ്കിലും വനവൽക്കരണം പ്രോത്സാഹിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ വനവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

വനമേഖലയിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

3418 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ സാമ്പത്തിക സഹായമുള്ള എത്ര പ്രോജക്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; അവ എവിടെയെല്ലാമാണ്;

(ബി) പ്രസ്തുത പ്രോജക്ടിനായി എന്തു തുക സംസ്ഥാനത്തിന് ലഭിച്ചുവെന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) മറ്റ് വനാതിർത്തികളിലേയ്ക്ക് പ്രോജക്ട് വ്യാപിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ഗവേഷണ പ്രവർത്തനങ്ങൾക്ക് വനംവകുപ്പിന്റെ സാമ്പത്തിക സഹായം</u>

3419 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വന്യജീവി വകുപ്പ് പണം നൽകുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഗവേഷണ പ്രവർത്തനങ്ങൾക്ക് പണം കൈപ്പറ്റുന്നവർ പ്രബന്ധങ്ങൾ തയ്യാറാക്കി യഥാസമയത്ത് വകുപ്പിന് നൽകാറുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവർക്കെതിരെ എന്തുനടപടികളാണ് കൈക്കൊണ്ടുവരുന്നത്;

(ഡി) പ്രബന്ധങ്ങൾ യഥാസമയം നൽകാതിരിക്കുന്ന സാഹചര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇതിനെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ;

(ഇ) ആരൊക്കെയാണ് യഥാസമയം പ്രബന്ധങ്ങൾ നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

## <u>സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കായി പ്രകൃതി പഠന ക്ലാസ്സുകൾ</u>

3420 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പ്രകൃതി പഠന ക്ലാസ്സുകൾ നടത്തുന്നുണ്ടോ;

(ബി) പ്രസ്തുത ക്യാമ്പിലെത്തുന്ന കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിക്കൊടുക്കുന്നത്;

(സി) പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ഡി) നിർദ്ധനരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് പ്രകൃതിപഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചു പിടിപ്പിക്കൽ

3421 ശ്രീ. സി.പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗയോഗ്യമായ തടിയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ബി) സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരം നട്ടു പിടിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ;

(സി) ഇങ്ങനെ നട്ടു പിടിപ്പിക്കുന്ന മരങ്ങൾ അവർക്ക് തന്നെ വെട്ടിയെടുക്കുവാൻ അനുമതി നൽകുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിലെ വനഭൂമി കയ്യേറ്റങ്ങൾ</u>

3422 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂഭൂമിയിൽ നിന്ന് വനഭൂമി വേർതിരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇടുക്കിയിൽ വനഭൂമിയിൽ താമസിച്ചുവരുന്ന ആദിവാസികുടുംബങ്ങൾ എത്രയാണ്; ഇവരെ പുനരധിവസിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇടുക്കി ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വനഭൂമി കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ; വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാർ പുതുതായി പ്രഖ്യാപിച്ച വനഭൂമി എത്രയായിരുന്നു?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ഇ.എഫ്.എൽ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ</u>

3423 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എഫ്.എൽ. ആക്ട് പ്രകാരം സംസ്ഥാനത്ത് ഏറ്റെടുത്ത ഭൂമി എത്ര ; ഏതെല്ലാം വ്യക്തികളിൽ നിന്ന് എത്ര ഭൂമി ഏറ്റെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഏറ്റെടുത്ത ഭൂമിയ്ക്കുള്ള കോമ്പൻസേഷൻ ആർക്കെല്ലാം നല്കുവാനുണ്ട് ; എത്ര തുകയെന്ന് വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ ജില്ലകളിൽ എത്ര ഭൂമി ഏറ്റെടുക്കുവാനുണ്ട്, വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

പാമ്പുകടിയേൽക്കുന്നവർക്ക് ചികിത്സാ സഹായം

3424 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേൽക്കുന്നവർക്ക് ചികിത്സാ സഹായം നൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയനുസരിച്ച് ഇതുവരെ എത്രപേർക്ക്, എത്ര രൂപാവീതം സഹായം നൽകിയിട്ടുണ്ട് ;

(ഡി) ചികിത്സാ സഹായം വർദ്ധിപ്പിക്കുവാനും നടപടിക്രമങ്ങൾ ലളിതമാക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

റോഡുവികസനത്തിനായി മരം മുറിച്ചുമാറ്റൽ

3425 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുവികസനത്തിനുവേണ്ടി മരങ്ങൾ മുറിച്ചുമാറ്റുവാൻ വനം വകുപ്പിന്റെ അനുമതി ആവശ്യമാണോ;

(ബി) എങ്കിൽ ഇതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ആദിവാസികൾക്കു കൈവശാവകാശ വിതരണം</u>

3426

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 ലെ വനാവകാശ നിയമപ്രകാരം സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും കൈവശാവകാശ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമപ്രകാരം ആദിവാസികളുടെ പൊതു ആവശ്യങ്ങൾക്കുള്ള സ്ഥലം എഫ്.ആർ.സി.കൾക്ക് വിട്ടുകൊടുക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ച സ്ഥലങ്ങളിൽ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും റോഡ് പണിയുന്നതിനും വനം വകുപ്പ് തടസ്സം നിൽക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസികൾക്കെതിരേ എടുത്ത കേസുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ മുന്നിലെ മരം മുറിച്ചുമാറ്റുന്ന നടപടി

3427 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ മുൻവശത്തെ മരം മുറിച്ചുമാറ്റുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ വില നിശ്ചയിച്ചു നൽകാത്തതിനാൽ തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം ചൂണ്ടിക്കാട്ടി അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>പറമ്പിക്കുളത്തെ ആദിവാസികൾക്ക് വനാവകാശ നിയമ പ്രകാരം ഭൂമി നൽകാൻ നടപടി</u>

3428 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളത്ത് വിവിധ കോളനികളിലായി താമസിക്കുന്ന ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം സ്ഥലം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ വികസനം

3429 ശ്രീ. റ്റി.യു കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ വിദേശികളായ ടൂറിസ്റ്റുകളെ പ്രവേശിപ്പിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പക്ഷി സങ്കേതത്തിന്റെയും മൃഗശാലയുടെയും പുരോഗതിക്കും സംരക്ഷണത്തിനുമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) ഈ പക്ഷി സങ്കേതത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

പറമ്പിക്കുളത്തെ വന്യമൃഗസംരക്ഷണ സർവ്വേ

3430 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ വന്യമൃഗങ്ങളുടെ സർവ്വേ അവസാനമായി നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) അതു സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ പ്രാപ്പൊയിൽ- ചൂരപ്പടവ് -ചട്ടിവയൽ റോഡ്</u>

3431 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ഫോറസ്റ്റ് റോഡായ ''പ്രാപ്പൊയിൽ -ചൂരപ്പടവ്- ചട്ടിവയൽ'' റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടി ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കാട്ടുപന്നികൾ വരുത്തുന്ന കൃഷി നാശത്തിന് പരിഹാരം</u>

3432 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നികളുടെ ക്രമാതീതമായ വംശവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ വനാതിർത്തി വില്ലേജുകളിലെ കൃഷിക്കാർക്ക് വ്യാപകമായ തോതിൽ കൃഷി നാശം വരുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവയുടെ ആക്രമണത്തിൽ നിന്ന് കൃഷി സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാരം, നാശനഷ്ടവുമായി തട്ടിച്ചുനോക്കുമ്പോൾ നിസ്സാര തുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മേൽമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിന് മറ്റെന്തെങ്കിലും നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ? വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കാട്ടാനശല്യം</u>

3433 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ നിരന്തരം കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കാട്ടാന ശല്യം തടയുന്നതിന് നടപടി</u>

3434 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ കാട്ടാന ശല്യം രൂക്ഷമായ സുഗന്ധഗിരി, തരീയോട്, പൊഴുതന തുടങ്ങിയ പ്രദേശങ്ങളില കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ കാട്ടാനശല്യം തടയുവാൻ വൈദ്യുത കമ്പിവേലി നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) വനാതിർത്തിയിൽ താമസിക്കുന്ന കർഷകരുടെ വിളകൾക്ക് വനം വകുപ്പ് മുഖേന ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കായികതാരങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതി നുള്ള പദ്ധതികൾ</u>

3435 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വളർച്ച കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെല്ലാം നടപടികളാണ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുള്ളത്;

(ബി) കായികതാരങ്ങളുടെ ആരോഗ്യ പരിരക്ഷക്കും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് രംഗത്ത് നൂറുദിന കർമ്മപരിപാടി</u>

3436 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറുദിനകർമ്മപരിപാടിയിൽപ്പെടുത്തി കായികമേഖലയിൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവ ഏതെല്ലാമാണ് ;

(സി) അവയിൽ ഏതെങ്കിലും പദ്ധതി നേമം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഫുട്ബോൾ രംഗത്തെ അഭിവൃദ്ധിയ്ക്കായുള്ള പദ്ധതികൾ

3437 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ രംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ കായിക വികസനത്തിന് സഹായം</u>

3438 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കളിസ്ഥലങ്ങൾ ഒരുക്കുന്നതിന് സ്പോർട്സ് കൗൺസിലും സ്പോർട്സ് വകുപ്പും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഈ സഹായങ്ങൾ ലഭിക്കുന്നതിന് എപ്രകാരമാണ് അപേക്ഷ നൽകേണ്ടത്;

(ബി) സ്കൂളുകളിൽ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും സ്പോർട്സിന്റെ പ്രോത്സാഹനത്തിനുമായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(സി) വിദ്യാലയങ്ങളിൽ സ്പോർട്സ് കിറ്റും ജേഴ്സിയും നൽകുന്നതിന് എന്തെങ്കിലും സഹായ പദ്ധതി നിലവിലുണ്ടോ;

(ഡി) ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനായി സ്കൂളുകളിൽ ജിംനേഷ്യം തടുങ്ങുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുവാൻ തയ്യാറാകുമോ;

(ഇ) കളിസ്ഥലങ്ങൾ ഒരുക്കുന്നതിനുള്ള സഹായങ്ങൾ നൽകുമ്പോൾ സർക്കാർ സ്കൂളുകൾക്കും എയിഡഡ് സ്കൂളുകൾക്കും തുല്യ പ്രാധാന്യം നൽകുമോ;

(എഫ്) പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കുന്നത്; ഇനി എന്തെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്
<u>എല്ലാപഞ്ചായത്തുകളിലും നീന്തൽക്കുളങ്ങൾ</u>

3439 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പൊതുകുളമെങ്കിലും നീന്തൽക്കുളമായി സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പദ്ധതി ആവിഷ്ക്കരിച്ച് സമർപ്പിച്ചാൽ ബഡ്ജറ്റിൽ പണം വകയിരുത്തുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**14.10.2011-ലെ മറുപടിക്ക്**

<u>കായിക വികസന പദ്ധതികൾ</u>

3440 ശ്രീ. എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോ;

(സി) എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

സ്പോർട്ട്സ് ക്വാട്ട നിയമന മാനദണ്ഡം

3441 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സ് ക്വാട്ടായിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) മികവ് തെളിയിക്കുന്ന അർഹരായ മുഴുവൻ കായികതാരങ്ങൾക്കും ജോലി ഉറപ്പ് നൽകുന്ന വിധം നിയമന മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കായിക താരങ്ങൾക്ക് അംഗീകാരം</u>

3442 ശ്രീ. പി.സി. ജോർജ്
'' റോഷി അഗസ്റ്റിൻ
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് മികവു പുലർത്തുന്ന കുട്ടികൾക്ക് അർഹമായ അംഗീകാരവും ജോലിയും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ കഴിവ് തെളിയിച്ച മലയാളി താരങ്ങൾ അന്യ സംസ്ഥാനങ്ങൾക്കു വേണ്ടി ജേഴ്സി അണിയേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് കളമൊരുങ്ങുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വള്ളംകളി കായിക താരങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

3443 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ വള്ളംകളി കായിക ഇനമായി അംഗീകരിച്ചിട്ടും മറ്റ് കായിക താരങ്ങൾക്ക് ലഭിക്കുന്ന അംഗീകാരവും ആനുകൂല്യവും പ്രസ്തുത കായിക താരങ്ങൾക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) മറ്റ് കായികതാരങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വള്ളം കളിയിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഏതെല്ലാം ജില്ലകളിൽ ഏതൊക്കെ ജലോത്സവങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം കോട്ടപ്പടി സ്റ്റേഡിയം</u>

3444 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി സ്റ്റേഡിയം നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക വകയിരുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടി നവീകരണ പരിപാടി യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയവും നായരങ്ങാടി സ്കൂൾ സ്റ്റേഡിയവും</u>

3445 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിമണ്ഡലത്തിലെ ചാലക്കുടി മുനിസിപ്പാലിറ്റി വക 3.5 ഏക്കർ സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ നായരങ്ങാടി ഗവൺമെന്റ് യു.പി. സ്കൂൾ ഗ്രൗണ്ട് വീതി കൂട്ടി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക - യുവജന കാര്യാലയം വഴി നൽകിയിരുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അംഗീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ ഗ്രാന്റ് സ്റ്റന്റ് പവലിയൻ</u>

3446 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇ.എം.എസ്. സ്റ്റേഡിയത്തിൽ ഗ്രാന്റ് സ്റ്റന്റ് പവലിയൻ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്തു തുകയാണ് വകയിരുത്തിയതെന്നും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് തീരുമാനിച്ചതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ചേവായൂരിലെ ഇൻഡോർ സ്റ്റേഡിയം</u>

3447 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേവായൂരിൽ ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം</u>

3448 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് വകയിരുത്തിയതെന്നും എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

3449 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്ജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമ വ്യവസായം പ്രതിസന്ധിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) സിനിമ ചിത്രീകരണത്തിനും അനുബന്ധമായ ജോലികൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സിനിമാ ചിത്രീകരണം സാധ്യമാക്കുന്നതിന് സുസജ്ജമായ സൗകര്യങ്ങളുള്ള ചലചിത്ര നിർമ്മാണശാലകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

സിനിമാരംഗത്തെ പ്രതിസന്ധിയും തൊഴിൽ നഷ്ടവും

3450 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ വ്യവസായത്തിന്റെ തകർച്ച സിനിമയുമായി ബന്ധപ്പെട്ടവർക്ക് തൊഴിൽ നഷ്ടപ്പെടുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവർക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സിനിമാരംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനെപ്പറ്റി പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

ഫിലിം സൊസൈറ്റികളുടെ പ്രവർത്തനത്തിന് സഹായം

3451 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിലിം സൊസൈറ്റികളുടെ പ്രവർത്തനത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും ഫിലിം സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ഫിലിം സൊസൈറ്റികൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സിനിമാ റഗുലേറ്ററി അതോറിറ്റി</u>

3452 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത അതോറിറ്റി നിലവിൽ വരികയാണെങ്കിൽ ഉത്സവ കാലങ്ങളിൽ ടിക്കറ്റ് ചാർജ്ജ് യഥേഷ്ടം വർദ്ധിപ്പിക്കാൻ തിയ്യേറ്റർ ഉടമകൾക്ക് അധികാരം ലഭിക്കുമോ;

(സി) എങ്കിൽ അത് ജനങ്ങളെ സിനിമാ തിയ്യേറ്ററുകളിൽ നിന്ന് അകറ്റുമെന്നും വ്യാജ സിഡി നിർമ്മാണത്തിന് വഴിവെയ്ക്കുമെന്നും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 14.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഡി.സി. / സിനിമാ തീയേറ്റർ ജീവനക്കാർക്കുളള ആനുകൂല്യങ്ങൾ</u>

3453 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ഫിലിം ഡവലപ്മെന്റ് കോർപറേഷൻ ജീവനക്കാർക്കും അനുവദിച്ചുനൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ വരുന്ന തീയേറ്ററുകളിലെ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അവധി സംബന്ധിച്ച ആനുകൂല്യങ്ങൾ കെ.എസ്.എഫ്.ഡി.സി. യിലെയും സിനിമാ തീയേറ്ററുകളിലെയും ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോ; അവിടങ്ങളിലെ താൽക്കാലിക ജീവനക്കാർക്ക് ലഭിക്കുന്ന അവധികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാരുടെ ഭാര്യമാരുടെ പ്രസവത്തിന് ഭർത്താക്കന്മാർക്ക് അനുവദിച്ചിട്ടുളള അവധി കോർപ്പറേഷനിലേയും തീയേറ്ററുകളിലേയും താൽക്കാലിക ജീവനക്കാർക്ക് ലഭ്യമാണോ എന്നു വ്യക്തമാക്കുമോ ?

<u>സിനിമാ വാണിജ്യവൽക്കരണം</u>

3454 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുളളക്കുട്ടി
,, കെ. ശിവദാസൻ നായർ

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമയുടെ വാണിജ്യവൽക്കരണത്തിന് കെ.എസ്.എഫ്.ഡി.സി.യെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) കേർപ്പറേഷനേയും ചലച്ചിത്ര അക്കാഡമിയേയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ നപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>വ്യാജ സി.ഡി. വ്യാപാരം തടയാൻ നടപടി</u>

3455 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ സി. ഡി. വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടിയിട്ടുണ്ട് ;

(സി) സിനിമാ വ്യവസായത്തെ അതു ദോഷകരമായി ബാധിക്കുന്നതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ</u>

3456 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് എത്ര കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത് ;

(ബി) അതിനായി ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടോ ;

(സി) ജില്ലാ ആസ്ഥാനങ്ങളിൽ ഫിലിം ഫെസ്റ്റിവലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>ആധുനിക തിയേറ്റർ കോംപ്ലക്സുകൾ</u>

3457 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമയെ വ്യവസായമായി അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയതും ആധുനികവുമായ തിയേറ്റർ കോംപ്ലക്സുകൾ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്

<u>സിനിമാ തീയേറ്ററുകളിലെ സൗകര്യങ്ങൾ</u>

3458 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ തീയേറ്ററുകളിൽ ടിക്കറ്റ് റിസർവ്വേഷന് ചാർജ് ഈടാക്കുന്ന സമ്പ്രദായം എന്നുമുതലാണ് നിലവിൽ വന്നത്; ഇപ്രകാരം തുക ഈടാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റിസർവ്വേഷൻ ചാർജ്ജിനത്തിൽ ഈടാക്കുന്ന തുക എന്താവശ്യത്തിനായി വിനിയോഗിക്കുന്നു; തുക ചെലവഴിക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(സി) ഇപ്രകാരം സിനിമാ തീയേറ്ററുകൾ ഈടാക്കുന്ന തുകയെ സംബന്ധിച്ച് പ്രതിമാസ കണക്കുകൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സിനിമാ ആസ്വാദകരിൽ നിന്ന് വിവിധ പേരുകളിൽ ഈടാക്കുന്ന തുകയ്ക്ക് ആനുപാതികമായ സൗകര്യങ്ങൾ തീയേറ്ററുകളിൽ ഉറപ്പുവരുത്താൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.10.2011-ലെ മറുപടിക്ക്
<u>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

3459 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള സാംസ്കാരികപ്രവർത്തകക്ഷേമനിധിബോർഡ് നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?